എ.പി. അജിത് കുമാർ
അഡീഷണൽ പഞ്ചായത്ത് ഡയറക്ടർ

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം 695 033
ഫോൺ ഓഫീസ് : 0471 - 2321350
ഫാക്സ് : 0471 - 2321350
മൊബൈൽ : 9496040601
ഇ-മെയിൽ : adpanchayats@gmail.com

തീയതി......22.11.2018

**എല്ലാ ഗ്രാമ / ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികൾക്കും**

പ്രിയ സുഹൃത്തേ,

സംസ്ഥാന സർക്കാരിന്റെ നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ലൈഫ്,ആർദ്രം,ഹരിതകേരളം,പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നീ മിഷനുകളുടെ വാർഷിക അവലോകനത്തിനും ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും വേണ്ടി ഒരു ദ്വിദിന ശില്പശാല 2018 നവംബർ 27,28 തീയതികളിൽ തിരുവനന്തപുരത്ത് നാലാഞ്ചിറയിലെ ഗിരിദീപം കൺവെൻഷൻ സെന്ററിൽ നടക്കുകയാണ്.ബഹു.മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, മിഷൻ-വകുപ്പ്തല പ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷർ, തുടങ്ങിയവരാണ് ശില്പശാലയിൽ നേരിട്ട് പങ്കെടുക്കുന്നത്. ശില്പശാലയിൽ നേരിട്ട് പങ്കടുക്കാത്ത സംസ്ഥാനത്തെ ഏകദേശം 21000 ജനപ്രതിനിധികൾക്ക് ശില്പശാല നേരിട്ട് വീക്ഷിക്കുന്നതിനും ശില്പശാലയിലെ ഓരോ സെഷൻ സംബന്ധിച്ചുള്ള അഭിപ്രായം രേഖപ്പെടുത്തുന്നതിനും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. വിവിധമിഷനുകൾ സംബന്ധിച്ചുള്ള പ്രാധാന്യമേറിയതും പൊതുവായതുമായ ചോദ്യങ്ങൾക്ക് ശില്പശാലയിലൂടെ മറുപടി നൽകുന്നതിന് ശ്രമിക്കുമെന്ന വിവരവും അറിയിക്കുന്നു. മിഷനുകൾ സമയബന്ധിതമായി ലക്ഷ്യം കൈവരിക്കുന്നതിനുള്ള ഭാവി പരിപാടികൾക്ക് ദിശാബോധം നൽകുന്ന ഈ ദ്വിദിന ശില്പശാല പൂർണ്ണമായും വീക്ഷിച്ച് താങ്കളുടെ അഭിപ്രായവും നിർദ്ദേശവും നൽകി ഈ ഉദ്യമം വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹത്തോടെ

എം.പി.അജിത്കുമാർ
പഞ്ചായത്ത് ഡയറക്ടറുടെ
പൂർണ്ണ അധിക ചുമതല വഹിക്കുന്ന
പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ